**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**ഇന്ത്യൻ റിസർവ് ബറ്റാലിയനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3467** **20/06/2018-ൽ മറുപടിക്ക്**

**ചോദ്യം** **മറുപടി**

**ശ്രീ.എം.ഉമ്മർ** **പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഇന്ത്യൻ റിസർവ് ബറ്റാലിയനു വേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഏത് റൂൾ പ്രകാരമാണ് ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ്, കമാൻഡോ വിംഗ് എന്നിവ പ്രവർത്തിച്ചുവരുന്നത്; | (എ) | ഇന്ത്യൻ റിസർവ് ബറ്റാലിയനു വേണ്ടി വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br>നിലവിൽ ഇന്ത്യൻ റിസർവ് ബറ്റാലിയൻ റിക്രൂട്ട്മെന്റ് റൂൾ (27/02/2009-ലെ സ.ഉ. (പി) 24/09/ആഭ്യ) പ്രകാരമാണ് ടി ബറ്റാലിയനിൽ റെഗുലർ വിംഗും, കമാൻഡോ വിംഗും പ്രവർത്തിച്ചുവരുന്നത്; |
| (ബി) | ഐ.ആർ.ബി. യുടെ റെഗുലർ വിംഗ്, കമാന്റോ വിംഗ് സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഐ.ആർ.ബറ്റാലിയനിലെ ഇരുവിംഗുകളിലുമുള്ള സേനാംഗങ്ങളുടെ പരിശീലന കാലയളവ് നിലവിൽ സർവ്വീസായി പരിഗണിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സേനാംഗങ്ങളുടെ പ്രമോഷൻ നടത്തിയ അനുപാതം സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 46/18/ആഭ്യ, തീയതി 4/1/2018 അനുസരിച്ചുള്ള ഉത്തരവ് പ്രകാരം ഐ.ആർ. ബറ്റാലിയൻ രൂപീകരണ സമയത്ത് നിലവിലുണ്ടായിരുന്ന 675 കോൺസ്റ്റബിൾ പോസ്റ്റുകൾക്ക് ( പി.സി. റഗുലർ 475, പി.സി. കമാൻഡോ 200) അനുവദിക്കപ്പെട്ടിരുന്ന 160 ഹവീൽദാർ പോസ്റ്റുകളിലേയ്ക്ക് 7 : 3 എന്ന ക്രമത്തിൽ ഇരുവിംഗുകളിൽ നിന്നുമായി താൽക്കാലികമായി പ്രമോഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ റൂൾ രൂപീകരണത്തിനുശേഷം മാത്രമേ പ്രമോഷൻ സ്ഥിരപ്പെടുത്തുകയുള്ളൂ. |

<table>
<tr>
<td>(ഡി)</td>
<td>ഐ.ആർ.ബി. കമാന്റോ വിംഗിന്റെ പ്രമോഷന് വേണ്ടി നിലവിലുള്ള തണ്ടർ ബോൾട്ട്, ടെമ്പിൾ പ്രൊട്ടക്ഷൻ ടീം, പാണ്ടിക്കാട് നിലവിലുള്ള ട്രെയിനിംഗ് റിക്രൂട്ടുകൾ എന്നിവരുടെ അംഗബലം പരിഗണിക്കുമോ;</td>
<td rowspan="4">(ഡി), (ഇ), (എഫ്) & (ജി)</td>
<td rowspan="4">ഐ.ആർ.ബറ്റാലിയൻ രൂപീകൃതമായ വേളയിൽ നിലവിലുണ്ടായിരുന്ന കേഡർ സ്ട്രെംഗ്ത്തിന് ആനുപാതികമായി 675 പോസ്റ്റുകൾക്ക് 7:3 എന്ന ക്രമത്തിലാണ് ഇരുവിംഗുകളിൽ നിന്നുമായി താൽക്കാലികാടിസ്ഥാനത്തിൽ ഹവീൽദാർ തസ്തികയിലേക്ക് പ്രമോഷൻ നൽകുവാൻ ഉത്തരവായിട്ടുള്ളത്. തുടർന്ന് രൂപീകൃതമായ ടെമ്പിൾ പ്രൊട്ടക്ഷൻ ടീം പോലുള്ള വിംഗുകളിലെ കമാൻഡോകളുടെ എണ്ണത്തിന് ആനുപാതികമായ ഹവീൽദാർ തസ്തിക സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ടി വിംഗുകളിലെ കമാൻഡോകൾ ഐ.ആർ.ബറ്റാലിയനിലെ കേഡർ സ്ട്രെംഗ്ത്തിലാണോ ഉൾപ്പെട്ടിട്ടുള്ളത് എന്ന കാര്യവും പരിശോധിക്കപ്പെടേണ്ടതുണ്ട്. പ്രസ്തുത കാര്യങ്ങളും, കമാന്റോകളെ പത്തു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സിവിൽ പോലീസ് വിഭാഗത്തിലേക്ക് മാറ്റം നൽകുന്ന വിഷയമടക്കമുള്ള കാര്യങ്ങളും ഇക്കാര്യത്തിലുള്ള സ്പെഷ്യൽ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ പരിശോധനയ്ക്ക് വിധേയമായി ഉചിതമായ നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതാണ്.</td>
</tr>
<tr>
<td>(ഇ)</td>
<td>പ്രസ്തുത സേനാംഗങ്ങൾ ഒരു റാങ്ക് ലിസ്റ്റിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരായതിനാൽ കമാന്റോ വിംഗ് സേനാംഗങ്ങളായി പരിഗണിച്ച് പ്രമോഷൻ നൽകാൻ സാധിക്കുമോ;</td>
</tr>
<tr>
<td>(എഫ്)</td>
<td>പത്ത് വർഷം സേവനം പൂർത്തിയാക്കിയ കമാന്റോ വിംഗ് സേനാംഗങ്ങൾക്ക് കേരള പോലീസിന്റെ സിവിൽ പോലീസ് വിഭാഗത്തിലേക്ക് അതാത് ജില്ലകളിൽ മാറ്റം നൽകാൻ വ്യവസ്ഥയുണ്ടോ;എങ്കിൽ പ്രസ്തുത മാറ്റത്തിന് ഏത് സീനിയോറിറ്റിയാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ;</td>
</tr>
<tr>
<td>(ജി)</td>
<td>പ്രസ്തുത മാറ്റം അനുവദിക്കുകയാണെങ്കിൽ ഏത് റാങ്കിലായിരിക്കും കമാന്റോ വിംഗ് സേനാംഗങ്ങളെ നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ